**ശ്രദ്ധക്ഷണിക്കൽ**

(1) ആശാ വർക്കർമാർക്ക് ന്യായമായ പ്രതിഫലം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ ഇന്നത്തെ കോവിഡിന്റെ പശ്ചാത്തലത്തിൽ അങ്ങേയറ്റം ജീവിതപ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗമാണ് ആശാ വർക്കർമാർ (Accredited Social Health Activist) അഥവാ അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകർ, ഇവരാണ് ആശാ വർക്കർമാർ എന്നുള്ള നിലയിൽ അറിയപ്പെടുന്നത്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് വലിയ പ്രതീക്ഷ നൽകി ആരംഭിച്ച സ്കീമിന്റെ ഭാഗമായാണ് ഈ ജീവനക്കാർ പ്രവർത്തിച്ചുവരുന്നത്. ദേശീയതലത്തിൽ എട്ടുലക്ഷത്തിലേറെ അംഗസംഖ്യയുള്ള മഹത്തായ സാമൂഹിക ആരോഗ്യ പ്രസ്ഥാനമാണിത്. ആരോഗ്യമേഖലയിൽ സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും അവശരായ രോഗികളുടെയും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നിയോഗിക്കപ്പെട്ടവരാണിവർ. കേരളത്തിൽ 26322 ആശാ വർക്കർമാർ സേവനമനുഷ്ഠിക്കുന്നു. എല്ലാ വാർഡുകളിലും ഇവരുടെ സേവനം ലഭ്യമാണ്. എൻ.എച്ച്.എം.-ന്റെ ഭാഗമായാണ് ഇവർ കേരളത്തിൽ പ്രവർത്തിക്കുന്നത്. മാതൃ-ശിശു

മരണനിരക്കുകൾ കുറയ്ക്കുന്നതിൽ വലിയ പങ്കാണ് ഇവരുടെ സേവനംവഴി ലഭിച്ചുവരുന്നത്. പകർച്ചവ്യാധി തടയുന്നതിൽ ഇവർ മുന്നണി പോരാളികളാണ്. നിപ വൈറസ് പ്രതിരോധത്തിന്റെ മുൻപന്തിയിലും ഇവരുണ്ടായിരുന്നു. കോവിഡിനെതിരായ യുദ്ധത്തിൽ കാലാൾ പടയാണിവർ. ത്യാഗപൂർണ്ണമായി പ്രവർത്തിക്കുന്ന ഇവരുടെ ജീവിതത്തിന് ആവശ്യമായുള്ള പരിരക്ഷ ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. കേന്ദ്ര ഗവൺമെന്റ് 2,000/- രൂപയും കേരള ഗവൺമെന്റ് 6,000/-രൂപയും നൽകുന്നു. കേന്ദ്ര സ്കീമായിട്ടുപോലും ഇവരുടെ അവസ്ഥ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ 6,000/- രൂപ അനുവദിച്ചിട്ടുണ്ട്. അത് ശ്രദ്ധിക്കാതെ പോകാൻ കഴിയില്ല. ഇത്തരം കാര്യങ്ങളെല്ലാം പരിശോധിക്കുന്ന സമയത്ത്, നിലവിൽ കോവിഡ് പരിരക്ഷയുമായി ബന്ധപ്പെട്ട് ക്വാറന്റൈനിൽ കഴിയുന്നവരുടെ പരിചരണം, സംരക്ഷണം, മരുന്നുനൽകൽ, ചികിത്സാ കേന്ദ്രങ്ങളിൽ രോഗികളെ എത്തിക്കൽ, വാക്സിൻ ലഭ്യമാക്കൽ, ബോധവൽക്കരിക്കൽ എന്നിങ്ങനെയുള്ള നാനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ് ആശാ വർക്കമാർ. ഇത്തരം കാര്യങ്ങൾ നിറവേറ്റുന്നതിന് ആശുപത്രിക്കും ഗ്രാമീണ ജനതയ്ക്കും ഇടയിലുള്ള കണ്ണിയാണിവർ. മുഴുവൻ

സമയവും ജോലി ചെയ്യുന്ന ഒരു വിഭാഗമാണവർ. ആ ജോലിയുടെയും അവർ ചെയ്യുന്ന അധ്വാനത്തിന്റെയും മൂല്യം പരിഗണിച്ചുകൊണ്ടുള്ള ഒരു പരിരക്ഷയും അവർക്ക് ഇവിടെ ലഭിക്കുന്നില്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട് അവരുടെ അധ്വാനത്തിനനുസരിച്ചുള്ള വേതനം, സംരക്ഷണം എന്നിവ ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കേന്ദ്രത്തെക്കൊണ്ട് നിലപാടുകൾ സ്വീകരിപ്പിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ പ്രധാനമായും ഉന്നയിക്കുന്നത്. ഇപ്പോൾ പല മേഖലകളിലും മിനിമം കൂലിയുണ്ട്. ഒരു സ്കീമിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോൾ സാങ്കേതികമായും നിയമപരമായും ഇവർക്ക് ചില പ്രശ്നങ്ങളുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് അവർക്ക് എങ്ങനെ സംരക്ഷണം നൽകാൻ കഴിയുമെന്നുള്ള തീരുമാനമാണ് ഉണ്ടാകേണ്ടത്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ സ്ഥിരം വാളന്റിയർമാരായി അംഗീകരിച്ച് ഇവർക്ക് എല്ലാ പരിരക്ഷയും ലഭ്യമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നുള്ളതാണ് മുഖ്യമായ ആവശ്യം. കേരളത്തിന്റെ ഇന്നത്തെ സാഹചര്യവും ആശാ പ്രവർത്തകരുടെ പരിതാപകരമായ സ്ഥിതിയും

കണക്കിലെടുത്തുകൊണ്ട് ഇനിയും സാധ്യമായ സഹായങ്ങൾ അവർക്ക് നൽകുന്നതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിൽ നല്ല നിലയിൽ ആശാ വർക്കർമാർക്ക് സംരക്ഷണം നൽകിയിട്ടുണ്ടെങ്കിലും ഇനിയും സാധ്യമായ സഹായങ്ങളെക്കുറിച്ച് പരിശോധിക്കുകയും സഹായകരമായ നിലപാട് സ്വീകരിക്കുകയും വേണം. കേരളത്തിൽ ആയിരത്തിലധികം വരുന്ന ആശാ പ്രവർത്തകർക്ക് കോവിഡ് രോഗം പിടിപെടുകയും രണ്ടുപേർ മരിക്കാനിടയായിട്ടുമുണ്ട്. ആശാ വർക്കർമാർക്ക് മാസ്കും ഗ്ലൗസും സാനിറ്റൈസറും ലഭ്യമാകുന്നില്ല. ഇതെല്ലാം അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. രോഗികളുടെ അടുത്ത് അവർക്ക് എത്തിച്ചേരുന്നതിനുവേണ്ടിയുള്ള വാഹന ചെലവ് അനുവദിക്കപ്പെടുന്നില്ല. അത് ലഭിക്കണം. അവർക്ക് ഫോൺ റീ-ചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പോലുമില്ല. മിനിമം വരുമാനം ഏർപ്പെടുത്തി അവരുടെ സാമൂഹിക സുരക്ഷ ഉറപ്പുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടൽ ഉണ്ടാകണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ പ്രധാനമായും ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിൽ ആശാ പദ്ധതി 2007 മുതലാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തുടനീളം അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകരായി ആശാ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകി വരികയും ചെയ്യുന്നു. എട്ട് ഘട്ടങ്ങളിലായി 40 ദിവസത്തെ പരിശീലനം ഇതിനോടകം അവർക്ക് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നിലവിൽ പതിനാല് ജില്ലകളിലായി 21782 പേർ ഗ്രാമപ്രദേശങ്ങളിലും 4104 പേർ നഗരപ്രദേശങ്ങളിലും 476 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26362 പേരാണ് ആശാ പ്രവർത്തകരായി പ്രവർത്തിച്ചുവരുന്നത്. ആരോഗ്യമേഖലയിൽ പ്രത്യേകിച്ച്, ഈയൊരു കാലഘട്ടത്തിൽ വളരെ വിലപ്പെട്ട സേവനമാണ് ആശാ പ്രവർത്തകർ നടത്തി വരുന്നത്. കോവിഡ് മഹാമാരികാലത്ത് ഇവർ നടത്തുന്ന ത്യാഗപൂർണ്ണമായ സേവനം വളരെ വലുതും എല്ലാവരാലും അംഗീകരിക്കപ്പെട്ടതും ശ്ലാഘനീയവുമാണ്. 2016-17-ൽ 1,500/- രൂപയായിരുന്ന ആശാ പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയത്തിൽ വർഷംതോറും വർദ്ധനവ് വരുത്തി 2021 ഏപ്രിൽ മുതൽ

6,000/- രൂപയായി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. 2021 ജൂൺ വരെയുള്ള ഓണറേറിയവും ഇൻസെന്റീവുകളും ആശാ പ്രവർത്തകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആശാ പ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല, മറിച്ച് സംസ്ഥാന സർക്കാർ നൽകുന്ന 6,000/- രൂപ പ്രതിമാസ ഓണറേറിയവും വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സർക്കാർ നൽകുന്ന 2,000/- രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരമാണ് രണ്ടായിരം രൂപ ഇൻസെന്റീവ് നൽകുന്നത്. ഇതുകൂടാതെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് മാസംതോറും 1,000/- രൂപ കോവിഡ് ഇൻസെന്റീവായും 2020 ഫെബ്രുവരി മുതൽ സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്. കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങുന്ന എല്ലാ ആശാ പ്രവർത്തകർക്കും ആവശ്യമായ മാസ്കുകളും സാനിട്ടൈസറും കയ്യുറകളും അതത് ആരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും നൽകണമെന്നാണ്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം ഇവിടെ സൂചിപ്പിച്ച സാഹചര്യത്തിൽ, ആശാപ്രവർത്തകർക്ക് മാസ്കുകളും സാനിട്ടൈസറും

കയ്യുറകളും കൃത്യമായി നൽകണമെന്ന കർശന നിർദ്ദേശം ഒന്നുകൂടി നൽകുന്നതാണ്. ആശാ പ്രവർത്തകർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരായതിനാൽ 2020 മാർച്ച് മുതൽ മാനദണ്ഡങ്ങൾ നോക്കാതെ എല്ലാവർക്കും ഓണറേറിയവും ഇൻസെന്റീവും നൽകുന്നുണ്ട്. ഇതുകൂടാതെ ആശാ പ്രവർത്തകർക്ക് നൽകുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും ഉണ്ട്. ഇൻസന്റീവുകളുടെ ഡിവിഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ ബഹുമാനപ്പെട്ട അംഗത്തിന് ലഭ്യമാക്കുന്നതാണ്. ഇതുകൂടാതെ ആശാ പ്രവർത്തകർക്ക് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന 'ആശാ കിരണം ഇൻഷ്വറൻസ് പദ്ധതി' നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം അപകട മരണം സംഭവിച്ചാൽ 5 ലക്ഷം രൂപയും പൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ 3 ലക്ഷം രൂപയും ഭാഗിക അംഗവൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും ലഭിക്കുന്നതാണ്. കൂടാതെ അപകടം അല്ലെങ്കിൽ അസുഖത്തിനോടനുബന്ധിച്ചുള്ള ആശുപത്രി ചെലവിന് 20,000/- രൂപയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് 2,000/- രൂപയും സ്വാഭാവിക മരണസംസ്കാര കർമ്മത്തിന് 50,000/- രൂപയും ആശാ

വർക്കർമാർക്ക് ലഭിക്കുന്നതാണ്. കോവിഡുമൂലം സംസ്ഥാനത്ത് ഇതുവരെ നാല് ആശ വർക്കേഴ്സാണ് (തിരുവനന്തപുരം-1, തൃശ്ശൂർ-2, മലപ്പുറം-1) മരണപ്പെട്ടിട്ടുള്ളത്. ഇവർക്ക് ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. NHM (National Health Mission) ഓരോ വർഷവും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ആർ.ഒ.പി. അനുമതി പ്രകാരമാണ് ആശാ പ്രവർത്തകർക്കുള്ള എല്ലാ ഇൻസെന്റീവുകളും നൽകുന്നത്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ തയ്യാറാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പ്രത്യേക മാർഗ്ഗനിർദ്ദേശ പ്രകാരമാണ്. ആരോഗ്യരംഗത്തെ സ്തുത്യർഹമായ സേവനങ്ങൾ നടത്തുന്ന ആശാ പ്രവർത്തകർക്കുള്ള ഇൻസെന്റീവ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിൽ തടസ്സമില്ല. ഈ വിഷയം ഗൗരവമായി പരിശോധിച്ച് അടിയന്തരമായി ഉചിതനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇതൊരു കേന്ദ്ര സ്കീമായതുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിപ്പിക്കേണ്ട കാര്യത്തിൽ പ്രത്യേകമായ ഇടപെടലും ശ്രദ്ധയും ഇനിയും ഉണ്ടാകേണ്ടതുണ്ട്. ആരോഗ്യമേഖലയിൽ ഒഴിവുള്ള അറ്റൻഡർ പോസ്റ്റിലെ നിയമനത്തിൽ ആശാപ്രവർത്തകരെ

പരിഗണിക്കാൻ നിയമപരമായ ചില പ്രശ്നങ്ങളുണ്ട്. ഞാനത് മനസ്സിലാക്കാതെയല്ല പറയുന്നത്. എന്നാൽ ആശാ വർക്കർമാരുടെ പ്രത്യേകതകളെല്ലാം പരിഗണിച്ചുകൊണ്ട് ഒഴിവുവരുന്ന അറ്റൻഡർ പോസ്റ്റിൽ ആശാ പ്രവർത്തകർക്ക് പ്രത്യേക പരിഗണന നൽകുന്നതിനുവേണ്ടിയുള്ള സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തത ഉണ്ടാകേണ്ടതുണ്ട്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം സംബന്ധിച്ച് ഗൗരവത്തിൽ പരിശോധന നടത്തുന്നതാണ്.

(2) ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ

ശ്രീ. സജീവ് ജോസഫ്: സർ, സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം സാധ്യമാക്കുന്നതിന്റെ അടിയന്തര പ്രാധാന്യ വിഷയത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കോവിഡ് മഹാമാരി പടർന്ന് പിടിച്ചതുമൂലമുണ്ടായ അനിവാര്യ സാഹചര്യത്തിലാണ് ക്ലാസ്സ് മുറികളിലെ പഠനം ഉപേക്ഷിച്ച് പകരം സംവിധാനം എന്ന നിലയിൽ ഓൺലൈൻ പഠനം ആരംഭിച്ചിട്ടുള്ളത്. എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനം ഉറപ്പുവരുത്തുക എന്നുള്ളതിന് ഇന്നത്തെ സാഹചര്യത്തിൽ കേരളം

ഏറ്റവും മുന്തിയ പരിഗണന കൊടുക്കേണ്ടതാണ്. ഇപ്പോഴത്തെ പുതിയ പഠനരീതി കുട്ടികളിലുണ്ടാക്കുന്ന മാനസിക ശാരീരിക വെല്ലുവിളികളെ അവധാനതയോടെ നേരിടാൻ സമൂഹത്തെ സജ്ജരാക്കേണ്ടതുണ്ട്. ജൂൺ 1 മുതൽ ഓൺലൈൻ ക്ലാസ് ആരംഭിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും ജൂൺ മാസം മൂന്നാം വാരമാണ് ക്ലാസുകൾ ആരംഭിച്ചിട്ടുള്ളത്. ക്ലാസുകൾ ആരംഭിക്കുമ്പോൾ 49000 കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യം ഇല്ലെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചത്. യഥാർത്ഥത്തിൽ അതിന്റെ എത്രയോ ഇരട്ടി വിദ്യാർത്ഥികൾക്കാണ് പഠനോപകരണങ്ങൾ ഇല്ലാത്തതെന്ന് പിന്നീട് നമുക്ക് ബോധ്യപ്പെട്ടു. പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്കൂളുകളിൽ പഠനസഹായ സമിതികളും ജാഗ്രതാ സമിതികളും രൂപീകരിച്ചു. ഈ സമിതികൾ പൊതുസമൂഹത്തിന്റെ സഹകരണത്തോടെ പഠനോപകരണങ്ങൾ പരമാവധി സംഘടിപ്പിച്ചു നൽകി. പക്ഷേ ഇനിയും പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഇവ ലഭിക്കാതെ പഠനം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ ഡിജിറ്റൽ ഡിവിഷൻ കേരള സമൂഹത്തിൽ വലിയ അസമത്വമാണ് സൃഷ്ടിച്ചിരിക്കുന്നത്. ജൂൺ ആദ്യവാരം തന്നെ വിദ്യാഭ്യാസ വകുപ്പ് ഡിവൈസ് ആവശ്യമുള്ള കുട്ടികളുടെ

കണക്കെടുത്തു, പിന്നീട് ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും കണക്കെടുത്തു. അതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ കണക്കെടുത്തു. ഏറ്റവും അവസാനം ഓരോ വീട്ടിലും എത്ര കുട്ടികളുണ്ടോ അത്രയും പേർക്ക് ഓരോ ഡിവൈസ് എന്ന നിലയിൽത്തന്നെ കണക്കെടുത്ത് 'സമ്പൂർണ്ണ' എന്ന സോഫ്റ്റ്‌വെയറിൽ അപ്‌ഡേഷൻ നടത്തി തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറാൻ നിർദ്ദേശിച്ചു. എന്നാൽ ഇക്കാര്യങ്ങളെല്ലാം ചെയ്തിട്ടും സർക്കാരിന്റെ തുടർനടപടി എന്താണെന്ന് ഇപ്പോഴും നിശ്ചയമില്ലാത്ത അവസ്ഥയാണുള്ളത്. കൂടെക്കൂടെയുള്ള കണക്കെടുപ്പല്ലാതെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കുപോലും ഡിവൈസ് നൽകാൻ സർക്കാർ മുന്നോട്ടുവരാത്തത് ദൗർഭാഗ്യകരമായ കാര്യമാണ്. നിലവിലെ സാഹചര്യത്തിൽ ഏകദേശം മൂന്നുലക്ഷത്തോളം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ഇല്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കോവിഡ് പ്രതിസന്ധിയിൽ ജീവിതം വഴിമുട്ടിയ നിർദ്ധന കുടുംബങ്ങൾക്കും അവരെ പ്രതിനിധീകരിക്കുന്ന പി.ടി.എ.-കൾക്കും താങ്ങാവുന്നതിലധികം ഭാരംചുമത്തി സർക്കാർ കയ്യൊഴിയുന്നത് ഒരു വെൽഫെയർ സ്റ്റേറ്റിന് ഭൂഷണമല്ല.

മി. സ്പീക്കർ: ഇത് നമ്മൾ വിശദമായി ഒരിക്കൽ ചർച്ച ചെയ്തിട്ടുള്ളതാണ്. അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിലെ നിരവധി സ്ഥലങ്ങളിൽ, പ്രത്യേകിച്ച് മലയോര പ്രദേശങ്ങളിലും പട്ടികവർഗ്ഗ ഊരുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭിക്കാത്തതുമൂലം അവർ ഓൺലൈൻ പഠനത്തിനു പുറത്താണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ശ്രമങ്ങൾ ഇതുവരെ ഫലം കണ്ടിട്ടില്ല. എന്റെ മണ്ഡലമായ ഇരിക്കൂറിൽ 202 സ്ഥലത്ത് ഇന്റർനെറ്റ് കണക്ടിവിറ്റിയില്ല. ബി.എസ്.എൻ.എൽ. ഓപ്പറേറ്റർമാരെയാണ് കൂടുതലായി നമ്മൾ ആശ്രയിക്കുന്നത്. ഇവരുടെ സേവനം കാര്യക്ഷമമല്ല. ഒരു വീട്ടിൽ ഒന്നിലധികം കുട്ടികളുണ്ടെങ്കിൽപ്പോലും അവർക്കെല്ലാം ഫോൺ, ലാപ്ടോപ്പ് എന്നിവ വാങ്ങി നൽകേണ്ട അവസ്ഥയാണ് രക്ഷാകർത്താക്കൾക്കുള്ളത്. നിർദ്ധനരായ കുടുംബങ്ങൾക്ക് കേബിൾ കണക്ഷന്റെ മാസവാടകയും ഡാറ്റാ റീ-ചാർജ്ജും താങ്ങാൻ കഴിയുന്നതല്ല. കൂടാതെ സ്പെഷ്യൽ സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും അറുപതും എഴുപതും ശതമാനത്തിലധികം വരുന്ന മാനസിക ശാരീരിക ബുദ്ധിവൈകല്യമുള്ളവർക്കും ക്ലാസ്സുകൾ

പ്രയോജനപ്പെടുന്നില്ല. വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസമെന്ന ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ആയതിനാൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അതേക്കുറിച്ച് ആലോചിക്കുമെന്ന മുഖ്യമന്ത്രിയുടെ വാക്കും ഉറപ്പും പാലിക്കപ്പെടണമെന്നും ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുകൂലസാഹചര്യമില്ലാതിരുന്ന സമയത്താണ് 'ഫസ്റ്റ് ബെൽ' എന്നപേരിൽ ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തികൊണ്ട് പ്രത്യേക ക്ലാസ്സുകൾ സംസ്ഥാനത്ത് ആരംഭിച്ചത്. കുട്ടികൾക്ക് വീട്ടിൽനിന്ന് പുറത്തിറങ്ങാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ കഴിയുന്നത്ര പഠനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുകയെന്നതാണ് ലക്ഷ്യമിട്ടിരുന്നത്. സാധ്യമായ

എല്ലാക്രമീകരണങ്ങളും ഒരുക്കികൊണ്ടാണ് ഫസ്റ്റ് ബെൽ ക്ലാസുകൾ നടപ്പിലാക്കിയത്. പ്രസ്തുത അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞവർഷത്തെപോലെ ഈ വർഷവും ജൂൺമാസം വിക്ടേഴ്സ് മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണമാണ് ആദ്യം നടത്തിയത്. കേരളത്തിൽ ആദിവാസിമേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും കുട്ടികളെ തരംതിരിക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്. സ്കൂൾ ഡിജിറ്റലൈസേഷന്റെ ഭാഗമായി 'കൈറ്റ്' സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പുകൾ ആദിവാസി മേഖലയിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസുകൾ കാണുന്നതിനായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും നൽകേണ്ട ലാപ്ടോപ്പുകളുടെ കണക്കെടുപ്പ് പൂർത്തിയാക്കുകയും അവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 43952 പട്ടികവർഗ്ഗ കുട്ടികൾക്കാണ് പുതിയതായി ഉപകരണങ്ങൾ

ആവശ്യമായിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുള്ളത്. നാല് ഘട്ടങ്ങളായിട്ടാണ് ഉപകരണങ്ങൾ വിതരണം ചെയ്യാൻ ആസൂത്രണം ചെയ്തിരിക്കുന്നത്. കൂടാതെ പിന്നാക്ക മേഖല ഉൾപ്പെടെയുള്ള മേഖലകളിലെ എല്ലാകുട്ടികൾക്കും ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുജനപങ്കാളിത്തത്തോടെ സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കാനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം സംബന്ധിച്ച് കണക്കെടുപ്പ് നടന്നുവരുന്നുണ്ട്. ഈ പ്രവർത്തനം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനതലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളുടെ കണക്ക് ലഭ്യമാകും. ഈ കണക്ക് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. കോവിഡ് 19-ന്റെ സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സമഗ്ര ശിക്ഷാ കേരളം എസ്.സി.ഇ.ആർ.ടി.-യുടെ അക്കാദമിക പിന്തുണയോടെ 'വൈറ്റ്ബോർഡ്' യൂട്യൂബ് ചാനലിലൂടെ ക്ലാസുകൾ രക്ഷാകർത്താക്കളുടെ പിന്തുണയോടെ

നൽകിവരുന്നുണ്ട്. ബുദ്ധിപരിമിതരായ കുട്ടികൾക്കായി എസ്.സി.ഇ.ആർ.ടി. വിഭാവനം ചെയ്ത പഠന പിന്തുണ സംവിധാനമാണ് 'തേൻകൂട് ആപ്ലിക്കേഷൻ'. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് കൊടുക്കുന്നതിനും അവരുടെ പ്രതികരണങ്ങൾ അറിയുന്നതിനും ഈ സംവിധാനം ഉപയോഗപ്രദമാണ്. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ സവിശേഷ പാഠ്യപദ്ധതിയിൽനിന്നും ഉചിതമായ പ്രവർത്തനങ്ങൾ അധ്യാപകർ തെരഞ്ഞെടുത്ത് കൊടുക്കുന്നു. പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള അവസരവും ഇപ്പോൾ നൽകുന്നുണ്ട്. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്ക് തുടർപ്രവർത്തനവും പിന്തുണയും നൽകാൻ സാധിക്കും. എല്ലാ സ്കൂളുകളിലെയും പ്രിൻസിപ്പാൾ, അധ്യാപകർ, രക്ഷാകർത്താക്കൾ, എന്നിവർക്കെല്ലാം ആവശ്യമായ പരിശീലന പരിപാടിയും ഇപ്പോൾ നടപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപക ശാക്തീകരണത്തിനായി 'ഗണിനി പ്രഭ' എന്നപേരിൽ ഓൺലൈൻ ശാക്തീകരണ പരിപാടി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ

ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ കാഴ്ച പരിമിതരായ എല്ലാകുട്ടികൾക്കുമായി ഓൺലൈൻ ക്ലാസ്സുകൾ എസ്.സി.ഇ.ആർ.ടി.-യുടെ യൂട്യൂബ് ചാനൽവഴി ആഗസ്റ്റ് മാസത്തോടെ സംപ്രേഷണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബ്രെയിൽ ഓറിയന്റേഷൻ ആൻഡ് മൊബിലിറ്റി, പ്ലസ് കരിക്കുലം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തികൊണ്ടായിരിക്കും ക്ലാസുകൾ നൽകുന്നത്. ബ്രെയിൽ പഠനം കാര്യക്ഷമമാക്കാൻ ഉതകുന്ന വീഡിയോ ട്യൂട്ടോറിയൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും നൽകുന്നതായിരിക്കും. ചില ആദിവാസി ഊരുകളിലും മറ്റുചില റിമോട്ട് പ്രദേശങ്ങളിലും ഇന്റർനെറ്റിന്റെ ലഭ്യതയ്ക്ക് ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളത്തിലെ ഇന്റർനെറ്റ് ദാതാക്കളുമായൊരു യോഗം കൂടുകയും ഇത്തരം പ്രദേശങ്ങളിൽ കണക്ടിവിറ്റിയുടെ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ എല്ലാ ഇന്റർനെറ്റ് ദാതാക്കളും പൂർണ്ണമായ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തന രൂപരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓൺലൈൻ

വിദ്യാഭ്യാസം എല്ലാവിഭാഗം കുട്ടികൾക്കും ലഭ്യമാക്കികൊണ്ടായിരിക്കും നടപ്പിലാക്കുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്കുപാലിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാമന്ത്രിമാരും പങ്കെടുത്തുകൊണ്ട് ജില്ലാതലത്തിൽ ഇതിന്റെ റിവ്യൂ നടന്നുവരുന്നുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ജില്ലാതലത്തിൽ തദ്ദേശസ്ഥാപനത്തിന്റെ ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം പൂർണ്ണമായും ചേരും. ബഹുമാനപ്പെട്ട എം.എൽ.എ.-മാരടക്കമുള്ള ജനപ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. അതുകഴിഞ്ഞാൽ ഉടൻതന്നെ ഇതിന്റെ സമ്പൂർണ്ണ ലിസ്റ്റ് തയ്യാറാക്കും. അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി തന്നെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ടൊരു അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടുണ്ട്. ജനങ്ങളുടെയും ഗവൺമെന്റിന്റെയും സന്നദ്ധപ്രസ്ഥാനങ്ങളുടെയും സഹായത്തോടുകൂടി ഇപ്പോൾ കണ്ടെത്തിയിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള മുഴുവൻപേർക്കും ഡിജിറ്റൽ എജ്യൂക്കേഷനുവേണ്ടി ലാപ്ടോപ്പ് അല്ലെങ്കിൽ ടാബ് നൽകും. അതാണ് ഗവൺമെന്റ് തീരുമാനം.

ശ്രീ. സജീവ് ജോസഫ്: സർ, എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കെങ്കിലും സർക്കാർ ചെലവിൽ ഡിവൈസുകൾ നൽകാനുള്ള

നടപടി സ്വീകരിക്കുമോ; കാരണം ഒന്നരമാസം അവരുടെ പഠനം നഷ്ടപ്പെട്ടു. അവരുടെ തുടർപഠനമെങ്കിലും നഷ്ടപ്പെടാതിരിക്കാൻ എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്കെങ്കിലും എത്രയുംവേഗം പഠനോപകരണങ്ങൾ നൽകുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, എസ്.ടി. ഫണ്ടിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡായി ലോക്കൽ ബോഡീസിന് നൽകിയ തുകയിൽനിന്നും എസ്.ടി. വിഭാഗത്തിൽപ്പെട്ട മുഴുവൻ കുട്ടികൾക്കും ലാപ്ടോപ്പ്/ടാബ്/ മൊബൈൽ ഫോൺ വാങ്ങിക്കൊടുക്കാനുള്ള ഉത്തരവ് ഇറക്കിക്കഴിഞ്ഞിട്ടുണ്ട്. മുഴുവൻ കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യം ലഭിക്കുന്നതാണ്.